LIBRARY ARCHIVES Kerala Legislative Assembly

കൊല്ലം നിയോജകമണ്ഡലത്തിൽ ജലസേചന വിഭാഗം മുഖാന്തരം നടപ്പിലാക്കുന്നതിനായി 2019-20 മുതൽ ഭരണാനുമതി ലഭിച്ചതും നിർവ്വഹണം പുരോഗമിക്കുന്നതുമായ വിവിധ പ്രവൃത്തികളും അവയുടെ നിലവിലെ സ്ഥിതിയും അനുബന്ധമായി* ചേർക്കുന്നു.

ജലജീവൻ മിഷൻ പദ്ധതി

160(2196) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കല്ല്യാശ്ശേരി മണ്ഡലത്തിൽ ജലജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി പ്രവൃത്തി നടന്നുവരുന്ന പഞ്ചായത്തുകളുടെ വിശദാംശം ലഭ്യമാക്കാമോ; പ്രസ്തുത പഞ്ചായത്തുകളിൽ എത്ര ഉപഭോക്താക്കൾക്ക് കൂടിവെള്ള കണക്ഷൻ നൽകുവാനാണ് ലക്ഷ്യമിടുന്നതെന്ന് വ്യക്തമാക്കുമോ?

ജലജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി കല്യാശ്ശേരി നിയോജക മണ്ഡലത്തിലെ ചെറുകുന്ന്, ചെറുതാഴം, ഏഴോം, കല്യാശ്ശേരി, കണ്ണപുരം, മാടായി, മാട്ടൂൽ, കുഞ്ഞിമംഗലം, കടന്നപ്പള്ളി-പനപ്പുഴ, പട്ടുവം എന്നീ പഞ്ചായത്തുകൾക്കായി 43,369 കുടിവെള്ള കണക്ഷനുകൾ നൽകുന്നതിനുള്ള പ്രവൃത്തികൾ നടന്നുവരുന്നു. നിലവിൽ 18,235 കണക്ഷനുകൾ നൽകിയിട്ടുണ്ട്. പഞ്ചായത്ത് തിരിച്ചുള്ള വിശദവിവരം അനുബന്ധമായി* ചേർക്കുന്നു.

ഭാരതപ്പുഴയുടെ സംരക്ഷണം

161(2197) ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭാരതപ്പുഴയുടെ സംരക്ഷണത്തിനായി ഏതെങ്കിലും പദ്ധതികൾ സർക്കാരിന്റെ മുന്നിലുണ്ടോ; എങ്കിൽ വിശദവിവരം നൽകാമോ;

(ബി) ഭാരതപ്പുഴയെ സംരക്ഷിക്കുന്നതിനും അതിലേയ്ക്ക് വന്നുചേരുന്ന മാലിന്യങ്ങൾ നിയന്ത്രിക്കുന്നതിനും ഒരു മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നതിന് നടപടി സ്വീകരിക്കാമോ?

(എ&ബി) ഭാരതപ്പുഴയിലെ കൂടുതൽ മലിനീകരിക്കപ്പെട്ട ഭാഗമായി വിലയിരുത്തിയിട്ടുള്ള തിരുർ-പൊന്നാനി ഭാഗത്തെ മാലിന്യ ലഘൂകരണം ലക്ഷ്യമിട്ടുള്ള പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. പട്ടാമ്പി മുനിസിപ്പൽ പ്രദേശത്തെ മാലിന്യ ലഘൂകരണംകൂടി കണക്കിലെടുത്താണ് പദ്ധതി തയ്യാറാക്കിയിട്ടുള്ളത്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

സാമ്പത്തിക ലഭ്യതയനുസരിച്ച് പദ്ധതി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. ഭാരതപ്പുഴയെ സംരക്ഷിക്കുന്നതിനും ശുദ്ധജലലഭ്യത ഉറപ്പുവരുത്തുന്നതിനും വിവിധ ഏജൻസികളുടെ/വകുപ്പുകളുടെ പ്രവർത്തനം ആവശ്യമാണ്. നദിയിലെ നീരൊഴുക്ക് വർദ്ധിപ്പിക്കുന്നതിന് നീർത്തടാധിഷ്ഠിത പദ്ധതികൾ തദ്ദേശഭരണ സ്ഥാപനങ്ങൾ മുഖേന വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ ശാസ്ത്രീയമായി നിർവ്വഹിക്കേണ്ടതുണ്ട്. ഹരിതകേരളം മിഷന്റെ ഉപമിഷനായ " ജലസമൃദ്ധി" - യുടെ ഭാഗമായി ഗ്രാമപഞ്ചായത്തുതലത്തിൽ നീർത്തട പ്ലാനുകൾ തയ്യാറാക്കിയിട്ടുണ്ട്. ഇതോടൊപ്പം പാലക്കാട് ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ ഭാരതപ്പുഴയുടെ സംരക്ഷണത്തിനുള്ള പദ്ധതി തയ്യാറാക്കിയിട്ടുണ്ട്.

ചാലിയാർ നദീതട അതോറിറ്റി

162(2198) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലിയാർ പുഴയെ മലിനീകരണത്തിൽനിന്നും സംരക്ഷിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ?

കേരളത്തിലെ നാലാമത്തെ വലിയ നദിയായ ചാലിയാർ പുഴയുടെ കേരളത്തിലെ വൃഷ്ടിപ്രദേശം 2535 ചതുരശ്ര കിലോമീറ്ററാണ്. ബേപ്പൂർ നദിയെന്നും ചാലിയാർ പുഴ അറിയപ്പെടുന്നു. ചാലിയാർ പുഴ നിലവിൽ നേരിടുന്ന മാലിന്യ പ്രശ്നം നദിയോടുചേർന്ന ചെറുപട്ടണങ്ങളിൽനിന്നും റോഡിനോടുചേർന്ന ഓടകളിൽ നിന്നും എത്തിച്ചേരുന്ന മാലിന്യമാണ്. കൂടാതെ, നദിയുടെ വൃഷ്ടിപ്രദേശത്തെ ഭൂവിനിയോഗത്തിൽ വന്നിട്ടുള്ള മാറ്റവും കാർഷികാവശ്യങ്ങൾക്കുപയോഗിക്കുന്ന രാസകീടനാശിനി/രാസവളം എന്നിവയിൽനിന്ന് എത്തിച്ചേരുന്ന അവശിഷ്ടങ്ങളും നദിയുടെ ജലഗുണനിലവാരത്തെ ബാധിക്കുന്നതായി കാണുന്നു. നദിയിലേയ്ക്ക് എത്തിച്ചേരുന്ന മാലിന്യം സംസ്കരിക്കുന്നതിന് തദ്ദേശഭരണ സ്ഥാപനാടിസ്ഥാനത്തിൽ ശാസ്ത്രീയമായ നടപടികൾ സ്വീകരിക്കാൻ കഴിഞ്ഞാൽ നദീജലം കൂടുതൽ ശുദ്ധിയുള്ളതാക്കി മാറ്റാൻ കഴിയും.

(ബി) ചാലിയാർ നദീതട അതോറിറ്റി രൂപീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

കേരളത്തിലെ എല്ലാ നദികളുടേയും സമഗ്രവും സുസ്ഥിരവുമായ സംരക്ഷണം ലക്ഷ്യമിട്ട് കേരള റിവർ ബേസിൻ കൺസർവേഷൻ ആൻഡ് മാനേജുമെന്റ് അതോറിറ്റി രൂപീകരിക്കുന്നതിനുള്ള കരട് ബിൽ തയ്യാറായിട്ടുണ്ട്. ഇക്കാരണത്താൽ ചാലിയാർ നദിക്ക് മാത്രമായി ഒരു അതോറിറ്റി രൂപീകരണത്തിന്റെ ആവശ്യം നിലവിലില്ല.